# ഗ്രീൻ കേരള എക്സ്പ്രസിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു




പാട്ടും ഡാൻസും മറ്റു കോലഹലങ്ങളുമൊന്നും മാനദണ്ഡമാക്കാതെ സുസ്ഥിര വികസന മാതൃകകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ മത്സരിക്കുന്ന ഗ്രീൻ കേരള എക്സ്പ്രസ് റിയാലിറ്റി ഷോയുടെ ഷൂട്ടിംഗ് ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ ഫെബ്രുവരി 15ന് നിർവഹിച്ചു. തിരുവനന്തപുരത്ത് കിള്ളിപ്പാലത്ത് പ്രത്യേകം തയാറാക്കിയ വേദിയിൽ (പഴയ ശിവ തിയേറ്റർ) നടന്ന ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലൊളി മുഹമ്മദ്കുട്ടി, ഷോയുടെ ജൂറി അംഗങ്ങളായ കെ.പി കണ്ണൻ, ആർ.വി.ജി മേനോൻ, ആർ ഹേലി, നടി പത്മപ്രിയ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

ശുചിത്വം, പരിസ്ഥിതി സംരക്ഷണം, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം, ഊർജ്ജ സംരക്ഷണം തുടങ്ങിയ മേഖലകളിലുള്ള തങ്ങളുടെ പ്രകടനത്തെ മുൻനിർത്തിയാണ് പഞ്ചായത്തുകൾ മത്സരവേദിയിൽ മാറ്റുരയ്ക്കുന്നത്. പഞ്ചായത്ത് പ്രസിഡന്റോ പഞ്ചായത്ത് അംഗങ്ങളോ ആണ് ഷോയിൽ പഞ്ചായത്തുകളെ പ്രതിനിധീകരിക്കുന്നത്. മാർച്ച് ഒന്നു മുതൽ റിയാലിറ്റി ഷോ ദൂരദർശൻ സംപ്രേക്ഷണം ചെയ്യും.

പ്രതിപക്ഷ ഉപനേതാവ് ജി. കാർത്തികേയൻ ഉദ്ഘാടനത്തിന് മുൻപ് വേദിയിലെത്തി സംഘാടകരെ അഭിനന്ദിച്ചു. ദൂരദർശൻ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ടി. ചാമിയാർ, ആകാശവാണി ഡയറക്ടർ കെ.എ മുരളീധരൻ, ശുചിത്വ മിഷൻ ഡയറക്ടർ അജയകുമാർ വർമ്മ, സി-ഡിറ്റ് രജിസ്ട്രാർ കെ.ടി ബാലഭാസ്കരൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.